DESPATCHED
On 08/06/2020
17-3-20

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
## തിരുവനന്തപുരം 695 001

Tel:0471 -2561628, 2561633,2561615
Email: sic.ker@nic.in

ഹർജി നമ്പർ **AP.2482(2)/2015**/എസ്.ഐ.സി.
തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം
(ഫയൽ നം.17612/എസ്.ഐ.സി-ജി 6/15

സന്നിഹിതൻ
ഡോ.കെ.എൽ.വിവേകാനന്ദൻ, ബഹു.വിവരാവകാശ കമ്മീഷണർ

ശ്രീ.വി.പ്രസേനൻ
കൃഷ്ണാർപ്പണം,
കടയ്ക്കാവൂർ പി.ഒ
തിരുവനന്തപുരം-695 306 — അപ്പീൽ ഹർജിക്കാരൻ

Vs

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,
ആന്റ് ഡെപ്യൂട്ടി ഡയറക്ടർ(മണ്ണു സംരക്ഷണം)
മണ്ണു പര്യവേക്ഷണ സംരക്ഷണ ഡയറക്ടറാഫീസ്
സെന്റർ പ്ലാസാ ബിൽഡിംഗ്,
3ഉം 4ഉം ഫ്ളോർ, വഴുതയ്ക്കാട്
തിരുവനന്തപുരം-695 014
2. അപ്പീൽ അധികാരി ആന്റ് അഡീഷണൽ ഡയറക്ടർ
മണ്ണു പര്യവേക്ഷണ സംരക്ഷണ ഡയറക്ടറാഫീസ്
സെന്റർ പ്ലാസാ ബിൽഡിംഗ്,
വഴുതയ്ക്കാട്
തിരുവനന്തപുരം-695 014

എതിർകക്ഷികൾ

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 24.06.2015 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 31.07.2015 |
| ഒന്നാം അപ്പീൽ സമർപ്പിച്ച തീയതി | 24.08.2015 |
| ഒന്നാം അപ്പീലിന് മറുപടി ലഭ്യമാക്കിയ തീയതി | 29.09.2015 |
| കമ്മീഷനിൽ അപ്പീൽ സമർപ്പിച്ച തീയതി | 17.11.2015 |
| കമ്മീഷനിൽ അപ്പീൽ കൈപ്പറ്റിയ തീയതി | 18.11.2015 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 26.11.2015, 11.11.2019 |
| കമ്മീഷനിൽ റിപ്പോർട്ട് ലഭിച്ച തീയതി | 16.12.2015, 27.11.2019 |
| ഹിയറിംഗ് നടന്ന തീയതി & സ്ഥലം | 28.11.2019, കമ്മീഷൻ ആസ്ഥാനം തിരുവനന്തപുരം |
| ഹിയറിംഗിലെ സാന്നിദ്ധ്യം : അപ്പീൽ ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ. | ഹാജരായിരുന്നില്ല<br>ഹാജരായിരുന്നു |

# ഉത്തരവ്

അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, വിവരാവകാശ നിയമപ്രകാരം ടിയാൻ ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൻമേൽ തൃപ്തികരമായ മറുപടി ലഭ്യമാക്കിയില്ല എന്നും ആയതിനാൽ അപ്പീൽ അധികാരി മുമ്പാകെ അപ്പീൽ അപേക്ഷ സമർപ്പിച്ചുവെന്നും ടിയാൻ ആവശ്യപ്പെട്ട വിവരങ്ങൾ ലഭ്യമാക്കണമെന്നും മറ്റുമാണ്.

2. വിവരാവകാശ നിയമത്തിലെ 6(1) വകുപ്പു പ്രകാരം അപ്പീൽ ഹർജിക്കാരൻ 24.06.2015 തീയതി ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ 15.10.1982 ൽ നിയമിതനായ സോയിൽ സർവ്വേ ഇൻസ്പെക്ടറായ ഡോ. പി.എൻ പ്രേമചന്ദ്രൻ എന്നയാളുടെ യോഗ്യത സംബന്ധമായ 4 ഇനം വിവരങ്ങളാണ് ആവശ്യപ്പെട്ടത്.

3. മേൽപ്പടി അപേക്ഷയ്ക്ക് ഒന്നാം എതിർകക്ഷി 31.07.2015 ൽ നൽകിയ മറുപടിയിൽ പൊതു താൽപര്യപ്രകാരമല്ലാതെ ഒരു വ്യക്തിയുടെ വ്യക്തിപരമായ കാര്യങ്ങൾ വിവരാവകാശ നിയമപ്രകാരം നൽകേണ്ടതില്ലെന്നാണ്. മേൽപ്പടി മറുപടി തൃപ്തികരമല്ലെന്ന് കാണിച്ച് ഹർജിക്കാരൻ 24.08.2015 ന് അപ്പീൽ നൽകുകയും, 29.09.2015 ന് അപ്പീൽ അധികാരി നൽകിയ മറുപടിയിൽ ഹർജിക്കാരൻ ആവശ്യപ്പെട്ട വ്യക്തിയുടെ യോഗ്യത ബി.എസ്.സി അഗ്രിക്കൾച്ചർ എന്നു രേഖപ്പെടുത്തിയിരിക്കുന്നുവെന്നും, 17/02/1994 ലെ ജി.ഒ(ആർ.റ്റി) നം.253/94/എഡി പ്രകാരം മൂന്ന് വർഷത്തേയ്ക്ക് പി.എച്ച്.ഡി പഠിക്കുന്നതിന് ഡെപ്യൂട്ട് ചെയ്തിരിക്കുന്നുവെന്നും അറിയിച്ച് അപ്പീൽ തീർപ്പാക്കി നൽകുകയും ചെയ്തു.

4. 27.11.2019 ൽ കമ്മീഷനിൽ സമർപ്പിച്ച റിപ്പോർട്ടിൽ ഹർജിക്കാരൻ ആവശ്യപ്പെട്ട ശ്രീ. പി. എൻ പ്രേമചന്ദ്രന്റെ വിദ്യാഭ്യാസ യോഗ്യത സംബന്ധിച്ച വിവരങ്ങൾ അപേക്ഷകന് നൽകിയെന്നും, അപേക്ഷയിലെ 3,4, ചോദ്യങ്ങൾക്കുള്ള മറുപടി ടി ഓഫീസിൽ ലഭ്യമല്ലാത്തതിനാൽ പ്രസ്തുത വിവരം ടിയാനെ അറിയിച്ചിട്ടുണ്ടെന്നും കൂടാതെ ഹർജിക്കാരൻ ആവശ്യപ്പെട്ട വ്യക്തിയുടെ സർവ്വീസ് ബുക്കിന്റെ ആദ്യപേജ് ഏഴാമത്തെ പേജ് സർവ്വീസ് വിവരങ്ങളടങ്ങിയ ഹിസ്റ്ററി ഓഫ് സർവ്വീസസിലെ പ്രസ്തുത പേജിന്റെ പകർപ്പും ഹാജരാക്കുന്നുവെന്നുമാണ്.

5. അപ്പീൽ ഹർജിയും ഹിയറിംഗിന് എതിർകക്ഷി സമർപ്പിച്ച റിപ്പോർട്ടും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിലും എതിർകക്ഷിയെ നേരിൽ കേട്ടതിലും അപ്പീൽ ഹർജിക്കാരൻ സമർപ്പിച്ച വിവരാവകാശ നിയമപ്രകാരമുള്ള അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്ന വിവരങ്ങൾക്ക് മറുപടി നൽകിയതായി കാണുന്നതിനാൽ കമ്മീഷനിൽ സമർപ്പിച്ച റിപ്പോർട്ടിന്റെ പകർപ്പ് ഹർജിക്കാരന് നൽകണമെന്ന നിർദ്ദേശത്തോടെ ടി പരാതിയിൽ മറ്റ് നടപടികൾ ആവശ്യമില്ലെന്ന് കണ്ട് ഈ അപ്പീൽ ഹർജി ഇന്നേ ദിവസം 2020 മാർച്ച് 17-ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

(ഒപ്പ്)

**ഡോ.കെ.എൽ.വിവേകാനന്ദൻ**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

STATE INFORMATION COMMISSION KERALA, THIRUVANANTHAPURAM

ജോയിന്റ് സെക്രട്ടറി (ധനകാര്യം)

res